# ഫാക്ടിനും പി കെ സ്റ്റീൽ കാസ്റ്റിങ്സിനും ഊർജസംരക്ഷണ പുരസ്കാരം

**തിരുവനന്തപുരം**

ഊർജ വകുപ്പിന്റെ 2024ലെ സംസ്ഥാന ഊർജസംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു. വൻകിട ഊർജ ഉപഭോക്തൃ വിഭാഗത്തിൽ എറണാകുളം എഫ്എസിടി (ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ), കോഴിക്കോട് പി കെ സ്റ്റീൽ കാസ്റ്റിങ്സ് എന്നിവ അവാർഡ് പങ്കിട്ടു. ഒരുലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് പുരസ്കാരം.

ഇടത്തരം ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ ആലപ്പുഴ വി കെ എൽ സീസണിങ് ജേതാക്കളായി. എംആർസിഎംപിയു (മലബാർ റീജിയണൽ കോ ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ) വയനാട് ഡെയറി ഈ വിഭാഗത്തിൽ പ്രശസ്തിപത്രത്തിനർഹമായി.

തൃശൂർ സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ചെറുകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ പ്രശസ്തിപത്രം നേടി. കെട്ടിടങ്ങളുടെ വിഭാഗത്തിൽ പാലാ മാർ സ്ലീവ മെഡിസിറ്റിയും സംഘടനകൾ/ സ്ഥാപനങ്ങൾ വിഭാഗത്തിൽ കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജ് ഓഫ് എൻജിനീയറിങ്ങും പുരസ്കാരം പങ്കിട്ടു. കേരള വാട്ടർ അതോറിറ്റി പ്രശസ്തിപത്രം നേടി.

ഊർജകാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ പ്രൊമോട്ടർ വിഭാഗത്തിൽ 50,000 രൂപയുടെ പുരസ്കാരം എറണാകുളം വി ഗാർഡ് ഇൻഡസ്ട്രീസിനാണ്. തൃശൂർ ഹൈക്കോൺ ഇന്ത്യ പ്രശസ്തിപത്രം നേടി. ആർക്കിടെക്ചറൽ സ്ഥാപനങ്ങളുടെയും ഗ്രീൻ ബിൽഡിങ് കൺസൾട്ടൻസികളുടെയും വിഭാഗത്തിൽ എറണാകുളം എഫ് ഫൈവ് സസ്റ്റെയ്നബിലിറ്റി കൺസൾട്ടൻസ് പ്രശസ്തിപത്രം നേടി.

അവാർഡിനായി 78 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അപേക്ഷകർ ആകെ 43 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 60,278 ടൺ ഇന്ധനവും ലാഭിച്ചു.

imani.com/c/76398695